## മസ്തിഷ്കം എന്ന മഹാത്ഭുതം

1 ജൂൺ 2022

വില ₹ 25

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം



## ബൈബിൾക്കഥകളുടെ ചിത്രണം കേരള ക്രൈസ്തവ ദേവാലയങ്ങളിൽ

## കേരളത്തിലെ അന്തരീക്ഷത്തിൽ ലോക്ഡൗണിന്റെ സ്വാധീനം

# കേരളവും ലഹരിയും

ISSN 2349-1051



എൻ.വി.കൃഷ്ണവാരിയർ
സ്ഥാപക പത്രാധിപർ


# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

ജൂൺ 2022 വാല്യം 54 ലക്കം 6 വില ₹ 25




**ബൈബിൾക്കഥകളുടെ ചിത്രണം കേരള ക്രൈസ്തവ ദേവാലയങ്ങളിൽ**
ഷാജി വർഗീസ്
**8**

ബൈബിൾ കഥകളുടെ മനോഹരമായ ചിത്രീകരണം കേരളത്തിലെ പുരാതനമായ പള്ളികളിലുമുണ്ട്. അതിനെപ്പറ്റി വിശദമായി ചർച്ച ചെയ്യുന്ന ലേഖനം


35
**തുള്ളൽ സാഹിത്യവും സന്മാർഗബോധനവും**
ഫാ. ഡോ. മാത്യൂസ് വാഴക്കുന്നത്ത്

47
**മാപ്പിളപ്പാട്ടുകളും മാപ്പിളസംസ്കാരവും: എഫ്. ഫോസറ്റിന്റെ ലേഖനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ചരിത്രവായന**
ഫാത്തിമ്മത്ത് റസ്ല സി.

52
**മസ്തിഷ്കം എന്ന മഹാത്ഭുതം**
ആന്റണി പുത്തൻപുരയ്ക്കൽ




**പകർപ്പുപിഴകളും തിരുത്തിയെഴുത്തുകളും ഹസ്തലിഖിതവിജ്ഞാനീയത്തിൽ**
പ്രൊഫ. ആർ.ബി. ശ്രീകല
**40**

ഹസ്ത ലിഖിതത്തിലെ പകർപ്പ പിഴകളെപ്പറ്റിയുള്ള വസ്തുനിഷ്ഠമായ വിശകലനം


5
**വിവർത്തനത്തിലെ അന്തർദർശനം**
ബേബി സുകന്യ വി.എൽ.

16
**കാണിയും കാമനയും സാധാരണതാവൽക്കരണത്തിന്റെ സാങ്കേതിക ആഖ്യാനം മലയാള ചലച്ചിത്രത്തിൽ**
നൗഫൽ കെ.

22
**ഗാന്ധിയൻ ആരോഗ്യദർശനത്തിന്റെ സമകാലികപ്രസക്തി**
ഡോ. ജോബിൻ ചാമക്കാല

25
**2022 സ്ഫടികത്തിന്റെ വർഷം**
എൻ. എസ്. അരുൺകമാർ




**കേരളവും ലഹരിയും**
ആനന്ദകൃഷ്ണൻ ഐ.പി.എസ്.
**28**

വർദ്ധിച്ച വരുന്ന കേരളത്തിലെ ലഹരി ഉപയോഗത്തെക്കുറിച്ചും അതുണ്ടാക്കുന്ന സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്ന ലേഖനം


**കേരളത്തിലെ അന്തരിക്ഷത്തിൽ കൊവിഡ്-19 ലോക്ഡൗണിന്റെ സ്വാധീനം**
റെജിൻ ആർ., രതീഷ് കമാർ വി.കെ.

61
**എൻ.ഐ.ആർ.എഫ്. റാങ്കിങ്ങും കേരളത്തിലെ ഗവണ്മെന്റ് കോളെജുകളും**
ഡോ. ഉണ്ണികൃഷ്ണൻ കെ.വി.

66
**ശ്രീനാരായണ ഗുരുവിന്റെ ജ്ഞാനമീമാംസ**
ഡോ. ബെറ്റി സണ്ണി

70
**പ്രളയാനന്തര കേരളവും സുസ്ഥിരവികസനവും ഹരിതരാഷ്ട്രീയത്തിന്റെ പ്രസക്തി**
പ്രൊഫ. എ ബിജു കമാർ



വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്വം ലേഖകർക്കായിരിക്കും. അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായിക്കൊള്ളണമെന്നില്ല. -എഡിറ്റർ



ചീഫ് എഡിറ്റർ : 0471 2316306
എഡിറ്റർ : 8547071569
ഇ മെയിൽ editorvijnanakairali@gmail.com
harivkairali@gmail.com
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നാളന്ദ, തിരുവനന്തപുരം 695 003
സർക്കുലേഷൻ മാനേജർ : 9447762255

www.keralabhashainstitute.org

ചീഫ് എഡിറ്റർ
ഡോ. പി.എസ്. ശ്രീകല
എഡിറ്റർ
ജി.ബി. ഹരീന്ദ്രനാഥ്
സബ് എഡിറ്റർ
അശ്വിൻ കൃഷ്ണ ആർ.
പത്രാധിപസമിതി
ഡോ. ഷിബു ശ്രീധർ
ഡോ. പ്രിയ വർഗീസ്
എൻ. ജയകൃഷ്ണൻ
കെ.ആർ. സരിതകുമാരി
ഡോ. റ്റി. ഗംഗ
റാഫി പൂക്കോം
ശ്രീകല ചിങ്ങോലി
രമ്യ കെ. ജയപാലൻ
വിദ്യ എസ്.
ദീപ്തി കെ.ആർ.
ഡോ. അപർണ്ണ എസ്. കുമാർ
ബിന്ദു എ.
നിതിൻ ചന്ദ്രൻ സി. എസ്.
അനുപമ ജെ.
സർക്കുലേഷൻ മാനേജർ
എൻ.ഐ. അനിൽകുമാർ
ടൈപ് സെറ്റ് & ലേ-ഔട്ട്
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ
തിരുവനന്തപുരം -14
കവർ ഡിസൈൻ :
നാരായണ ഭട്ടതിരി

# പിടിമുറുക്കുന്ന ലഹരി മാഫിയ

വ്യക്തിയുടെയും സമൂഹത്തിന്റെയും ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ലഹരിയുടെ ഉപയോഗത്തെ നിയന്ത്രിക്കാനുള്ള ജാഗ്രത സർക്കാരിന്റെ ഭാഗത്തുനിന്ന് ശക്തമാണ്. ഹെറോയിൻ, കൊക്കെയ്ൻ, കഞ്ചാവ് തുടങ്ങിയ മാരകമായ ലഹരിവസ്തുക്കളോടൊപ്പം ഒരു തവണ ഉപയോഗിക്കുന്നതിലൂടെ മനുഷ്യനെ അടിമപ്പെടുത്തുന്ന രാസപദാർഥങ്ങൾവരെ ഇന്ന് സുലഭമാണ്. പൊലീസും എക്സൈസും ലഹരിവേട്ടകൾ നടത്തുന്നുണ്ടെങ്കിലും അതിലൂടെ അന്തർദേശീയ ശൃംഖലകളുള്ള മയക്കുമരുന്ന് മാഫിയയുടെ ചെറിയൊരു ശതമാനത്തിനെ മാത്രമേ നിർവീര്യമാക്കാൻ കഴിയുന്നുള്ളൂ.

മദ്യവ്യവസായം കേരളത്തിൽ നിയമവിധേയമാണെങ്കിലും മയക്കുമരുന്ന് ശൃംഖല തീർത്തും നിയമത്തിന്റെ വേലിക്കെട്ടുകൾക്കു പുറത്താണ് പ്രവർത്തിക്കുന്നത്. അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, ഇറാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് കര-വ്യോമ-ജലമാർഗങ്ങളിലൂടെ അതിമാരകമായ മയക്കുമരുന്നുകൾ കേരളത്തിൽ വ്യാപകമായി എത്തുന്നുണ്ട്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം കവർന്നെടുക്കുന്ന ഈ പൈശാചികശക്തിയെ നിയന്ത്രിക്കേണ്ടത് ഇന്നത്തെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ്. മയക്കുമരുന്ന് വ്യാപാരത്തിലൂടെ ലഭിക്കുന്ന ഭീമമായ സാമ്പത്തികനേട്ടമാണ് പലരെയും ഇതിലേക്ക് ആകർഷിക്കുന്നത്. ഭ്രമിപ്പിക്കുന്ന അതിമാനുഷികശക്തിയും മായാലോകത്തേക്ക് മനസ്സിനെ കബളിപ്പിച്ച് കൂട്ടിക്കൊണ്ടുപോകുന്ന ലഹരിയും യുവജനങ്ങളെ അമിതമായ മയക്കുമരുന്ന് ഉപയോഗത്തിലേക്ക് നയിക്കുന്നു. ഇതുമൂലം ശാരീരികമായും മാനസികമായും തകർന്ന് യുവാക്കൾ കുറ്റകൃത്യങ്ങളിലേക്ക് തിരിയുകയും സമൂഹത്തിന് തന്നെ ബാധ്യതയാവുകയും ചെയ്യുന്നു.

കേവലം പൊലീസിനോ എക്സൈസിനോ മാത്രമായി തടയാൻ കഴിയുന്നതല്ല ഈ വിപത്ത്. ലഹരി മരുന്നുകളുടെ ഉപയോഗത്തെ നിയന്ത്രിക്കാൻ കൂടുതൽ ഫലപ്രദമായ നിയമനിർമാണം ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. കേരളസർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'വിമുക്തി'യുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ പ്രവർത്തിക്കുന്ന ലഹരി വിരുദ്ധ പദ്ധതി, ഉണർവ് പദ്ധതി, ബാല്യം അമൂല്യം പദ്ധതി, നേർക്കൂട്ടം എന്നിവ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വിവിധ സാമൂഹിക മാധ്യമങ്ങളിലൂടെയും ദൃശ്യ-ശ്രാവ്യമാധ്യമങ്ങളിലൂടെയും മയക്കുമരുന്നിനെപ്പറ്റിയുള്ള വ്യാപകമായ ബോധവൽക്കരണം അനിവാര്യമാണ്. പൊലീസ്, എക്സൈസ്, വിദ്യാഭ്യാസവകുപ്പ്, വിവിധ സന്നദ്ധസംഘടനകൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപിപ്പിച്ചിട്ടുള്ള പ്രവർത്തനത്തിലൂടെ മാത്രമേ ഈ വിപത്തിൽ നിന്ന് കേരളത്തെ മോചിപ്പിക്കാൻ കഴിയൂ.

- ചീഫ് എഡിറ്റർ



# ഗാന്ധിയൻ ആരോഗ്യദർശനത്തിന്റെ സമകാലികപ്രസക്തി

ഡോ. ജോബിൻ ചാമക്കാല

*നിങ്ങളുടെ വൈദ്യശാസ്ത്രവിജ്ഞാനം ദരിദ്രനും ദുരിതമനുഭവിക്കുന്നവനും സൗജന്യമായി നൽകുക"*

*- ഗാന്ധിജി*

ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളെയും നിരീക്ഷിക്കുകയും വിശകലനവിധേയമാക്കുകയും ചെയ്ത ധൈഷണികപ്രതിഭയായിരുന്നു മഹാത്മാഗാന്ധി. സാമൂഹികജീവിതം, രാഷ്ട്രതന്ത്രം, അർഥശാസ്ത്രം, വിദ്യാഭ്യാസം, മതം, തത്വചിന്ത എന്നിവയ്ക്കൊപ്പം ഗാർഹികജീവിതവും അദ്ദേഹത്തിന്റെ സവിശേഷ ചിന്തയ്ക്ക് വിഷയമായിട്ടുണ്ട്. ഇന്ത്യൻ ഒപ്പീനിയൻ, യങ് ഇന്ത്യ, ഹരിജൻ, നവജീവൻ എന്നീ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹം എഴുതിയ ലേഖനങ്ങളും സാരസ്പർശിയായ നിരവധി കത്തുകളും ചേർന്ന വിപുലമായ മണ്ഡലമാണ് ഗാന്ധിസാഹിത്യം. അവയിൽനിന്ന് വിഷയാധിഷ്ഠിതമായി തെരഞ്ഞെടുത്താണ് ഇന്നു നാം കാണുന്ന ഗാന്ധികൃതികൾ മിക്കതും രൂപപ്പെടുത്തിയിരിക്കുന്നത്. നവജീവൻ പ്രസിദ്ധീകരണശാല ഗാന്ധികൃതികളായി പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളിൽ മിക്കവയും പുസ്തകരൂപത്തിൽ രചിക്കപ്പെട്ടവയല്ല, പിൽക്കാലത്ത് തെരഞ്ഞെടുത്ത് ക്രോഡീകരിക്കപ്പെട്ടവയാണ്. വിശാലമായ ഈ രചനാലോകത്ത് പല സന്ദർഭങ്ങളിലും ആരോഗ്യദർശനത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ ഗാന്ധിജി അവതരിപ്പിച്ചിട്ടുണ്ട്.

## ശരീരശാസ്ത്രം

ആരോഗ്യസംരക്ഷണം, രോഗപ്രതിരോധം, രോഗനിവാരണം, ഭക്ഷണക്രമം തുടങ്ങിയ വിഷയങ്ങളിലൊക്കെ മൗലികമായ നിരീക്ഷണങ്ങൾ ഗാന്ധിജി അവതരിപ്പിച്ചു. "ഈ ഭൂമിയിലെ നമ്മുടെ നിലനിൽപ്പിന്റെ തന്നെ കാരണമായ ശരീരത്തെക്കുറിച്ചുള്ള നമ്മുടെ അജ്ഞതയോളം വരില്ല മറ്റൊന്നും"[1] എന്ന് അദ്ദേഹം നിരീക്ഷിച്ചു. ശരീരത്തെയും അതിന്റെ പ്രവർത്തനങ്ങളെയും അവയെ നിർണയിക്കുന്ന വിവിധങ്ങളായ വ്യവസ്ഥകളെയും അറിയുക എന്നത് നമ്മുടെ പ്രാഥമികമായ ഉത്തരവാദിത്വമാണ്. നമ്മുടെ പാഠ്യപദ്ധതിയിൽ ഇതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാകേണ്ടതുണ്ടെന്ന് അദ്ദേഹം കരുതി. വായിച്ചും പരീക്ഷിച്ചും അറിഞ്ഞവയിൽനിന്ന് ശ്രദ്ധാപൂർവം നിഗമനങ്ങളിലെത്തുകയും അവയെ ആധാരമാക്കി ദർശനം രൂപപ്പെടുത്തുകയും ചെയ്യുന്ന അനുഭവാശ്രിത സമീപനമാണ് ജീവിതത്തിലുടനീളം ഗാന്ധിജി സ്വീകരിച്ചത്.

ശരീരത്തിന്റെയും മനസ്സിന്റെയും സാകല്യസത്തയായാണ് ഗാന്ധിജി ആരോഗ്യത്തെ ദർശിക്കുന്നത്. മനസ്സും ശരീരവും തമ്മിലുള്ള പാരസ്പര്യത്തിൽ ഏതെങ്കിലും ഒന്നിനുവരുന്ന വിപര്യയങ്ങൾ വ്യവസ്ഥയെ ആകമാനം ബാധിക്കാം. കാഴ്ചയിലുള്ള സൗന്ദര്യംപോലെതന്നെ സൽസ്വഭാവവും പ്രധാനമാണ്. ഒരു സുന്ദരനെക്കാൾ പലപ്പോഴും നാം ഇഷ്ടപ്പെടുന്നത് നന്നായി പെരുമാറുന്ന വ്യക്തിയെയാണ്. വാക്കും പെരുമാറ്റവും ഒരുവന്റെ മനോവ്യാപാരങ്ങളെ സൂചിപ്പിക്കുന്നു. ദുഷ്ചിന്തകൾ, കോപം, പക, അസൂയ തുടങ്ങിയവയൊക്കെ രോഗാതുരമായ മനസ്സിന്റെ അടയാളങ്ങളാണ്. അതുകൊണ്ട് ആരോഗ്യകരമായ ശരീരത്തിനൊപ്പം നിയന്ത്രിതമായ മനസ്സും സ്ഥിരപ്രജ്ഞയും കൂടിച്ചേർന്നാലേ ആരോഗ്യം പരിപൂർണമാകൂ എന്ന് ഗാന്ധിജി കരുതി.

പഞ്ചഭൂതാത്മകമായ ശരീരത്തെ ബാധിക്കുന്ന ഒട്ടുമിക്ക ആതുരതകളും പരിഹരിക്കുവാൻ അദ്ദേഹം കൃത്യമായ ഒരു സമീപനം രൂപപ്പെടുത്തിയിരുന്നു. പഞ്ചഭൂതങ്ങളുടെ സമ്മേളനസ്ഥാനമെന്നനിലയിൽ പ്രപഞ്ചത്തിന്റെ ഒരു കൊച്ചുപതിപ്പുതന്നെയാണ് മനുഷ്യശരീരം. മണ്ണ്, ജലം, വായു, സൂര്യപ്രകാശം, തുറസ്സായ ഇടം എന്നിവ ആരോഗ്യജീവിതത്തിന് അനിവാര്യമാകയാൽ ഇവയുടെ അനുപാതക്രമത്തിൽ വന്നുചേരുന്ന ഏതൊരു അപാകവും ശരീരത്തിന്റെ സുസ്ഥിതിയെ ദോഷകരമായി ബാധിക്കും.

VIJNANAKAIRALI Monthly
Price: ₹ 25.00
Date of Publication: 1, June 2022

Reg. No.KL/TV(N)/526/2020-22
RNI. No.22641/1969
Registered Newspaper Licensed to Post Without pre-payment Licence No. KL/TV(N) WPP/199/2020-22


# മൃദംഗ ബോധിനി

നാലാം പതിപ്പ്

## പ്രൊഫ. പാറശ്ശാല രവി

മലയാളഭാഷയിൽ മൃദംഗത്തെക്കുറിച്ച് എഴുതപ്പെട്ട ആധികാരിക ഗ്രന്ഥം. മൃദംഗബോധിനിക്ക് സംഗീതാസ്വാദകർ നൽകിയ ഹൃദ്യമായ സ്വീകരണമാണ് തുടർന്ന് നാലു പതിപ്പുകൾ പ്രസിദ്ധീകരിക്കുന്നതിന് ഞങ്ങളെ പ്രേരിപ്പിച്ചത്. മൃദംഗത്തെക്കുറിച്ചും താളങ്ങളെക്കുറിച്ചും സംഗീതപാഠ്യപദ്ധതി അനുശാസിക്കുന്ന വിധം പ്രതിപാദിച്ചിട്ടുള്ള ഈ പുസ്തകം സംഗീതാസ്വാദകർക്കും മൃദംഗവിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്രദമാണ്. മുത്തായ്പിനെക്കുറിച്ചും മോറ വായിക്കേണ്ട രീതിയും സമത്തോടുസമം മോറ വായിക്കേണ്ടതെങ്ങനെയെന്നും ഒരു സംഗീതവിദ്വാന്റെ നേരിട്ടുള്ള ശിക്ഷണത്തിൽ അറിവുനേടുന്ന വിധത്തിലാണ് പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ളത്.




₹ 175

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , നാളന്ദ, തിരുവനന്തപുരം. 0471 231 7238, 231 6306
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല, കെ.ബി.ഐ. ബിൽഡിങ്, പ്ലാസ ജങ്ഷൻ, കണ്ണൂർ 0497 293 1021
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല, ഇ.എം.എസ്. സ്റ്റേഡിയം ബിൽഡിങ്ങ്, രാജാജിറോഡ്, കോഴിക്കോട് 0495 272 4600
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല, കരിമ്പനാൽ അവന്യൂ, സ്റ്റാച്യൂ, തിരുവനന്തപുരം. 0471 24 71581
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല, കള്ളിയത്ത് റോയൽ സ്ക്വയർ, പാലസ് റോഡ്, തൃശ്ശൂർ 0487 232 7818
പ്രാദേശികകേന്ദ്രം, ചെറൂട്ടിറോഡ് കോഴിക്കോട്. 0495 236 6124
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല, റവന്യൂ ടവർ, പാർക്ക് അവന്യൂ, എറണാകുളം 0484 236 2867 kbikochishop@gmail.com
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല, ഒന്നാം നില, താന്നിക്കൽ ടവേഴ്സ്, വൈ.എം.സി.എ. റോഡ്, കോട്ടയം-1, 9633022959

www.keralabhashainstitute.org


Printed and published by Dr. P.S.Sreekala and owned by State Institute of Languages, Nalanda, Kowdiar P.O., Thiruvananthapuram 3. Printed at Mangalam Publication, Kottayam. Editor: G.B.Harindranath